# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവകലാശാല

## മിനിറ്റ്സ്, 90-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗം

**തീയ്യതി : 27 ആഗസ്റ്റ് 2025, സമയം : രാവിലെ കഴിഞ്ഞ് 11.00 മണി**
**വേദി: കോൺഫറൻസ് ഹാൾ, വൈസ് ചാൻസലറുടെ സെക്രട്ടറിയേറ്റ്, പൂക്കോട്, വയനാട്.**
(ഫയൽ നമ്പർ: KVASU/GA/B1/4746/2025)

**ഹാജരായ അംഗങ്ങൾ:**

1. ഡോ. അനിൽ. കെ.എസ്. വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്) – *അധ്യക്ഷൻ*
2. ഡോ. ബിപിൻ. കെ.സി. *(തിരഞ്ഞെടുക്കപ്പെട്ട മാനേജ്മെന്റ് കൗൺസിൽ അംഗം)*
3. ഡോ. ശ്രീരഞ്ജിനി. എ.ആർ. *(തിരഞ്ഞെടുക്കപ്പെട്ട മാനേജ്മെന്റ് കൗൺസിൽ അംഗം)*
4. ശ്രീ. സന്തോഷ്. സി.ആർ. *(തിരഞ്ഞെടുക്കപ്പെട്ട മാനേജ്മെന്റ് കൗൺസിൽ അംഗം)*
5. ഡോ. പി. സുധീർ ബാബു, രജിസ്ട്രാർ – *മെമ്പർ സെക്രട്ടറി*

**സാന്നിധ്യം:**

1. ഡോ. രാജീവ്. ടി. എസ്., ഡയറക്ടർ *(സംരംഭകത്വ വിജ്ഞാന വ്യാപന വിഭാഗം)*
2. ശ്രീ. ദിനേശൻ. എ. കെ., *ഫിനാൻസ് ഓഫീസർ*
3. ശ്രീ. ശ്രീജിത്ത്. എ. വി., *യൂണിവേഴ്സിറ്റി എഞ്ചിനീയർ*

യോഗം 11.10 മണിക്ക് ആരംഭിച്ചു. അധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

- മുൻ ബോർഡ് ഓഫ് മാനേജ്മെൻറ്/മാനേജ്മെൻറ് കൗൺസിൽ അംഗമായിരുന്ന ശ്രീ. വാഴൂർ സോമൻ - എം.എൽ.എ.-യുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.
- കേരള കാർഷിക സർവകലാശാലയുമായുള്ള സ്ഥല കൈമാറ്റത്തിന്റെ വിഷയവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി ചെയർ യോഗത്തെ അറിയിച്ചു.
- സർവകലാശാലയുടെ നിലവിലെ സാമ്പത്തിക സ്ഥിതി ബഹു. ധനകാര്യ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും 2.5 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ടെന്നും, എല്ലാ മാസവും 1.5 കോടി രൂപ അനുവദിച്ചു നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും ചെയർ അറിയിച്ചു.

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ**
**(അധ്യക്ഷൻ)**

| | |
|---|---|
| ഇനം 1.1 | 17/07/2025-ന് നട 89-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. |
| തീരുമാനം | വിവിധ ഇനങ്ങളിൽ ചുവടെ കൊടുത്തിരിക്കുന്ന ചർച്ചകൾ നടന്നു.<br><br>ഇനം 1.5: സർവ്വകലാശാലയിൽ നിലവിലുള്ള ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ മൂന്ന് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ എന്നീ തസ്തികകളിലേക്ക് പി.ഡബ്ല്യു.ഡി., എൽ.എസ്.ഡി. ഇറിഗേഷൻ എന്നീ വകുപ്പുകളിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു. നിലവിലെ സാമ്പത്തിക സാഹചര്യത്തിൽ മേൽ തസ്തികകൾ അത്യാവശ്യമുണ്ടോ എന്നുകൂടി പുന:പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു.<br>*നടപടി: രജിസ്ട്രാർ*<br><br>ഇനം 3.12: പി.എച്ച്.ഡി. പൂർത്തീകരിച്ച തീയതിയുമായി ബന്ധപ്പെട്ട സംശയം നിലനിൽക്കുന്നതിനാലാണ് പേ-സ്ലിപ്പ് നൽകാത്തതെന്ന് ഫിനാൻസ് ഓഫീസർ അറിയിച്ചു. ആയതിന് വ്യക്തത ആവശ്യപ്പെട്ട് രജിസ്ട്രാർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, മറുപടി ലഭ്യമാകുന്ന ഉടനെ പേ-സ്ലിപ്പ് നൽകുന്നതാണെന്നും ഫിനാൻസ് ഓഫീസ് അറിയിച്ചു. എത്രയും വേഗം പേ-സ്ലിപ്പ് നടപടികൾ പൂർത്തിയാക്കാൻ ഫിനാൻസ് ഓഫീസർക്ക് നിർദ്ദേശം നൽകി.<br>*നടപടി: ഫിനാൻസ് ഓഫീസർ/രജിസ്ട്രാർ*<br><br>ഒ.എ. 3: ബഹു. ചാൻസറുടെ നോമിനികളെ ലഭ്യമായിട്ടുണ്ടെന്നും 2025 സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിൽ നടപടികൾ സ്വീകരിക്കുന്ന താണെന്നും ചെയർ അറിയിച്ചു.<br>*നടപടി: രജിസ്ട്രാർ*<br><br>മേൽ ചർച്ചകളോടെ 89-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ചു. |
| ഇനം 3.1 | KVASU/GA/A2-10440/2020<br>പൊതുഭരണം - അസ്സിസ്റ്റന്റ്, സെക്ഷൻ ഓഫീസർ വിഭാഗം ജീവനക്കാരുടെ കരട് സീനിയോറിറ്റി പട്ടിക സംബന്ധിച്ച ലഭിച്ചിട്ടുള്ള പരാതികൾ പരിശോധിച്ച് ഫിനാൻസ് ഓഫീസർ ചെയർമാനായ സമിതിയുടെ റിപ്പോർട്ട് ഭരണ സമിതിയുടെ അംഗീകാരത്തിന് സമർപ്പി ക്കുന്നത് - സംബന്ധിച്ച്. |

(ഒപ്പ്)

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

വൈസ് ചാൻസലർ
(അദ്ധ്യക്ഷൻ)

| | |
|---|---|
| തീരുമാനം | റിപ്പോർട്ടിന്റെ പകർപ്പ് നല്കിയതിന് ശേഷം മേൽ വിഷയത്തിൽ അഭിപ്രായങ്ങൾ അറിയിക്കുന്നതിനായി ബഹു. അംഗങ്ങളോട് ആവശ്യപ്പെട്ടു. റിപ്പോർട്ടിന്റെ പകർപ്പ് അനധ്യാപക സംഘടനകൾക്ക് നല്കുന്നതിനും അഭിപ്രായമുണ്ടെങ്കിൽ ഒരാഴ്ചക്കുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു. ആയത് പരിശോധിച്ച് അടുത്ത ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിൽ സമർപ്പിക്കുന്നതിനും തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| ഇനം 3.2 | KVASU/GA/A2/293/2023<br>പൊതുഭരണം - ശ്രീമതി നീതു തമ്പി, അസ്സിസ്റ്റന്റിന്റെ നിരീക്ഷണ കാലം പൂർത്തിയാക്കാൻ കഴിയാത്തതിനെ - സംബന്ധിച്ച്. |
| തീരുമാനം | ഒരു വർഷത്തേക്ക് കൂടി നീട്ടി നൽകുന്നതിന് തീരുമാനിച്ചു<br><br>*നടപടി: രജിസ്ട്രാർ* |
| ഇനം 3.3 | KVASU/GA/A4/685/2023<br>പൊതുഭരണം - "ഓപ്പറേഷണൽ എക്സ്പെൻസസ് ഓഫ് അഡ്മിനിസ്ട്രേഷൻ" എന്ന പദ്ധതിക്ക് കീഴിൽ ചീഫ് സെക്യൂരിറ്റി ഓഫീസർ തസ്തികയിൽ നിയമിച്ചിരിക്കുന്ന ശ്രീ. രാജു റ്റി.എം ന്റെ കരാർ കാലാവധി ഒരു വർഷത്തേക്ക് കൂടെ ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്. |
| തീരുമാനം | 31-03-2026 തീയതി വരെ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി. സർവകലാശാലയുടെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് കരാർ നിയമനം, ദിവസവേതന നിയമനം എന്നിവ വിശദമായി പരിശോധിക്കുന്നതിനും, സാമ്പത്തിക പരിമിതി മറികടക്കുന്നതിനു മറ്റേതെങ്കിലും മാർഗം ഉണ്ടെങ്കിൽ ആയത് പരിശോധിക്കുന്നതിനും ചെലവുകൾ കുറയ്ക്കുന്നതിനും തീരുമാനങ്ങൾ കൈക്കൊള്ളാൻ വൈസ് ചാൻസുകളുടെ അധ്യക്ഷതയിൽ ബോർഡ് ഓഫ് മാനേജ്മെൻറ്/മാനേജ്മെൻറ് കൗൺസിൽ അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചു. കമ്മറ്റി അംഗങ്ങളെ വൈസ് ചാൻസലർ നിർദ്ദേശിക്കുന്നതാണ്.<br>*നടപടി: രജിസ്ട്രാർ/വൈസ് ചാൻസലറുടെ പി.എസ്.* |
| ഇനം 3.4 | KVASU/GA/C3/1214/2024<br>GA - Formal inquiry pertaining to the administrative lapses identified against Dr. M.K. Narayanan (Dean under suspension) and Dr. R. Kanthanathan (Assistant Warden under suspension) - Conclusion of Formal Inquiry - Report & Record of Inquiry - Submitting for discussion and decision - Reg. |

**(ഒപ്പ്)**

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**വൈസ് ചാൻസലർ**
**(അധ്യക്ഷൻ)**

| | |
|---|---|
| തീരുമാനം | ഈ വിഷയത്തിൽ വിവരിക്കുന്ന രീതിയിൽ വിശദമായ ചർച്ച നടന്നു.<br><br>ഡോ. ബിപിൻ. കെ.സി: ഡോ. ലത. സി അധ്യക്ഷ ആയ എൻക്വയറി കമ്മിറ്റിയുടെ റിപ്പോർട്ട് അംഗീകരിക്കാൻ ബോർഡ് ഓഫ് മാനേജ്മെന്റ് അംഗം എന്ന നിലയിൽ തയ്യാറല്ല. പ്രൊസീജർ ഒന്നും തന്നെ കമ്മിറ്റി പിന്തുടർന്നതായി കാണുന്നില്ല. നേരിട്ട് അക്യൂസ്ഡ് ആയിട്ടുള്ള 2 എംപ്ലോയീസിനെ വിളിച്ച് വരുത്താൻ പോലും കമ്മിറ്റി തയ്യാറായിട്ടില്ല. Right to Information അനുസരിച്ച് സ്റ്റേറ്റ്മെന്റ് ചോദിച്ചപ്പോൾ സ്റ്റേറ്റ്മെന്റ് ഇല്ലെന്നുള്ള മറുപടി നല്കിയിട്ടുണ്ട്. അതായത് ഇതിൽ examine ചെയ്ത witness കളുടെ സ്റ്റേറ്റ്മെന്റ് ചോദിച്ചപ്പോൾ നല്കിയിട്ടില്ല.<br><br>വൈസ് ചാൻസലർ: എൻക്വയറി റിപ്പോർട്ട് വായിച്ചതിൽ നിന്നും അതിനകത്ത് ഒരു വിറ്റ്നെസ്സ്നെ സാക്ഷ്യപ്പെടുത്തിയിട്ട് മൊഴികൾ രേഖപ്പെടുത്തിയതായി റിപ്പോർട്ടിൽ എവിടെയും ഇല്ലെന്ന് അറിയിച്ചു.<br><br>ഡോ. ബിപിൻ. കെ.സി: കമ്മീഷൻ ഓഫ് എൻക്വയറി പ്രവർത്തിക്കേണ്ട ഒരു രീതി ഉണ്ടെന്നും ആ രീതി മുഴുവനായിട്ട് ലംഘിച്ച് കൊണ്ടാണ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. Hon'ble High Court - ന്റെ മോശം പരാമർശങ്ങൾ മുഴുവൻ ഉണ്ടായത് ഈ എൻക്വയറി റിപ്പോർട്ട് വായിച്ചത് കൊണ്ട് മാത്രമാണ്. Hon'ble ജസ്റ്റിസിന്റെ റിപ്പോർട്ടിലും അനുകൂലമായിരുന്നില്ലെന്ന് സമ്മതിക്കുന്നുണ്ടെങ്കിലും, ഈ റിപ്പോർട്ട്, അതായത് ഒരു ജീവനക്കാരനെതിരെ ഒരു സ്ഥാപനം അച്ചടക്ക നടപടികളുമായി മുന്നോട്ട് പോകുമ്പോൾ കൊടുക്കേണ്ട ഒരു നാച്ചുറൽ ജസ്റ്റിസും കൊടുക്കാതെ ഇവർ കുറ്റം ചെയ്തിട്ടുണ്ട്/ അല്ലെങ്കിൽ ഇവരുടെ ഭാഗത്ത് നിന്ന് സീരിയസ് ലാപ്സ് ഉണ്ടായിട്ടുണ്ട് എന്ന ഒരു മുൻധാരണയോട് കൂടി കമ്മിറ്റി പ്രവർത്തിച്ചതായാണ്, ഒരുപാട് കമ്മിറ്റികളിൽ എൻക്വയറി ചെയർമാൻ ആയി പ്രവർത്തിച്ച എനിക്ക് മനസ്സിലായത്. കുട്ടികളുമായിട്ട് അസിസ്റ്റന്റ് വാർഡൻ, വാർഡൻ നല്ല റിലേഷൻ ഇല്ല എന്ന് പറയുന്നത് കുട്ടികളാണെന്നിരിക്കെ, ഒരു കുട്ടിയുടെ പോലും സ്റ്റേറ്റ്മെന്റ് എടുത്തതായിട്ട് എൻക്വയറി റിപ്പോർട്ടിൽ കാണുന്നില്ല, അതുകൊണ്ട് ആ എൻക്വയറി റിപ്പോർട്ട് ഏതെങ്കിലും രീതിയിൽ ഒരു നടപടിക്ക് റെഫറൻസ് ആയിട്ട് കണക്കാക്കുന്നതിനോട് യോജിക്കാൻ പറ്റുന്നതല്ല.<br><br>ഡോ. ബിപിൻ. കെ.സി: ആദ്യത്തെ ചാർജ്ജ് മെമ്മോ കൊടുത്തപ്പോൾ തന്നെ നിങ്ങൾക്കെതിരെ മേജർ പെനാൽറ്റി എടുക്കാതിരിക്കാനുള്ള കാരണം എന്തെങ്കിലും ഉണ്ടോ എന്ന് ചോദിച്ചിട്ടുണ്ട്. ആ സ്റ്റേജിൽ ആരാണ് മേജർ പെനാൽറ്റി എന്ന തീരുമാനം എടുത്തത്. ഈ കമ്മിറ്റി റിപ്പോർട്ടിൽ എവിടെയും |

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

(ഒപ്പ്)
വൈസ് ചാൻസലർ
(അധ്യക്ഷൻ)

| | |
|---|---|
| | മേജർ പെനാൽറ്റി എന്നൊരു മെൻഷൻ ഇല്ല (2024 ജൂലൈയിൽ നല്കിയ ചാർജ്ജ് മെമ്മോ) ഏത് അതോറിറ്റി ആണ് ആ തീരുമാനത്തിലേക്ക് പോയതെന്ന് വ്യക്തമല്ല.<br><br>ഒരു വിറ്റ്നെസ്സിനെ കമ്മിറ്റി എക്സാമിൻ ചെയ്യുകയോ, ഒരു വിറ്റ്നെസ്സിനെ ക്രോസ്സ് എക്സാമിൻ ചെയ്യണമെന്നുള്ള പ്രോവിഷനോ, തങ്ങളെ നേരിട്ട് കേൾക്കുകയോ ചെയ്തിട്ടില്ലെന്ന് മേൽ ചാർജ്ജ് മെമ്മോക്കെതിരെ ഡോ. കാന്തനാഥൻ മറുപടി നല്കിയിട്ടുണ്ട്. ഇത്രയധികം ലാപ്സ് ഈ കമ്മിറ്റിക്കുണ്ട്. കോടതിയുടെ നിർദ്ദേശം ഉള്ളതിനാൽ ഈ എൻക്വയറി റിപ്പോർട്ട് തള്ളിക്കളയണമെന്ന് ആവശ്യപ്പെടുന്നില്ല, പക്ഷേ ആ കമ്മിറ്റിയുടെ റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തിക്കൊണ്ട് ഒരു മേജർ പെനാൽറ്റി രണ്ട് പേർക്കും എടുക്കുന്നതിനെ ശക്തമായി എതിർക്കുന്നു. ഒരു മാതൃക എന്ന രീതിയിലോ അല്ലെങ്കിൽ പൊതുസമൂഹം ഒരുപാട് ചർച്ച ചെയ്ത വിഷയം എന്ന നിലയ്ക്ക് സമൂഹത്തിന് ഒരു സന്ദേശം നൽകണമെന്നാണ് യൂണിവേഴ്സിറ്റിയുടെ ഉദ്ദേശം എങ്കിൽ അതിന് പ്രൊപ്പോഷനൽ ആയിട്ടുള്ള എന്തെങ്കിലും ഒരു തീരുമാനത്തിലൂടെ ഇത് അവസാനിപ്പിക്കണമെന്ന് അപേക്ഷയുള്ളതായി അറിയിച്ചു.<br><br>വൈസ് ചാൻസലർ: ഫോർമൽ എൻക്വയറിയുടെ സമയത്ത് എൻക്വയറി ഓഫീസറോട് സ്റ്റാറ്റ്യൂട്ട് പ്രകാരം പ്രസന്റേഷന് വന്നപ്പോൾ ഇതുമായി ബന്ധപ്പെട്ട ആളുകളെ ക്രോസ്സ് എക്സാമിൻ ചെയ്യണമെന്ന വാദം ഇവർ ഉന്നയിച്ചിട്ടില്ലെന്നും എൻക്വയറി കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കിയത് Documentary evidence വെച്ചാണ് എന്നും അറിയിച്ചു.<br><br>പെനാൽറ്റി എന്ന നിലയ്ക്ക് താഴെ കൊടുത്തിരിക്കുന്ന പ്രൊപ്പോസൽ ചെയർ അറിയിച്ചു.<br><br>1). ഡീൻ ആയിരുന്ന ഡോ. എം.കെ. നാരായണനെ സസ്പെൻഡ് ചെയ്ത അന്നു മുതൽ ഡീൻ സ്ഥാനത്ത് നിന്ന് മാറ്റി നിർത്തി പ്രൊഫസറായി തരം താഴ്ത്തുകയും, അടുത്ത മൂന്നു വർഷത്തേക്ക് അഡ്മിനിസ്ട്രേറ്റീവ് തസ്തികയിൽ നിയമിക്കാതിരിക്കുകയും, പൂക്കോട് വെറ്ററിനറി കോളേജിൽ നിന്നും ട്രാൻസ്ഫർ ചെയ്യാവുന്നതുമാണ്.<br>2). ഡോ. ആർ. കാന്തനാഥനെ സസ്പെൻഡ് ചെയ്ത അന്നു മുതൽ 3 വർഷത്തേക്ക് സ്ഥാനക്കയറ്റം നല്കുന്നത് നീട്ടി വെക്കുകയും, അങ്ങനെ ജൂനിയർ ആക്കുകയും, പൂക്കോട് വെറ്ററിനറി കോളേജിൽ നിന്നും ട്രാൻസ്ഫർ ചെയ്യാവുന്നതുമാണ്. |

(ഒപ്പ്)

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**വൈസ് ചാൻസലർ**
**(അദ്ധ്യക്ഷൻ)**

| | |
|---|---|
| | ഇവരുടെ രണ്ട് പേരുടെയും സസ്പെൻഷൻ പിരിയഡ് എങ്ങനെ പരിഗണിക്കണം എന്നത് സംബന്ധിച്ച നിയമ വശങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണെന്നും അറിയിച്ചു.<br><br>മേൽ നിർദ്ദേശങ്ങൾ എതിർക്കുന്നതായി ബഹു. അംഗം ഡോ. ബിപിൻ. കെ.സി., ഡോ. ശ്രീരഞ്ജിനി. എ.ആർ, ശ്രീ. സന്തോഷ്. സി.ആർ എന്നിവർ അറിയിച്ചു.<br><br>മേൽ പ്രൊപ്പോസലുമായി മുന്നോട്ട് പോയി ശിപാർശ നടപടികൾ വ്യക്തമാക്കി ഇരുവർക്കും നോട്ടീസ് നല്കേണ്ടതും ഇവരുടെ മറുപടി എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് 09-09-2025 - നകം നല്കുന്നതിന് അറിയിക്കേണ്ടതാണ്. മറുപടി ലഭ്യമാകുകയാണെങ്കിൽ ആയത് പരിശോധിച്ച് അടുത്ത ഭരണ സമിതിയിൽ തീരുമാനം എടുക്കാവുന്നതാണെന്നും ചെയർ അറിയിച്ചു.<br><br>3 വർഷം എന്നത് അംഗീകരിക്കാൻ പറ്റില്ല എന്ന് ബഹു. അംഗം ഡോ. ബിപിൻ. കെ.സി. അറിയിച്ചു.<br><br>മേൽ വിഷയം വിശദമായി ചർച്ച ചെയ്തതിനു ശേഷം ചുവടെ പറയുന്ന തീരുമാനങ്ങൾ എടുത്തു.<br><br>1. ഡോ. ആർ. കാന്തനാഥനെ സസ്പെൻഡ് ചെയ്ത അന്നു മുതൽ 2 വർഷത്തേക്ക് സ്ഥാനക്കയറ്റം നല്കുന്നത് തടഞ്ഞു വെക്കുന്നതിനും, അങ്ങനെ ജൂനിയർ ആക്കുന്നതിനും, പൂക്കോട് വെറ്ററിനറി കോളേജിൽ നിന്നും ട്രാൻസ്ഫർ ചെയ്യുന്നതിനും തീരുമാനിച്ചു<br><br>2. ഡോ. എം. കെ. നാരായണനെ സസ്പെൻഡ് ചെയ്ത അന്നു മുതൽ മുതൽ മാറ്റി നിർത്തി പ്രൊഫസറായി തരം താഴ്ത്തുന്നതിനും, അടുത്ത മൂന്നു വർഷത്തേക്ക് അഡ്മിനിസ്ട്രേറ്റീവ് തസ്തികയിൽ നിയമിക്കാതിരിക്കാനും, പൂക്കോട് വെറ്ററിനറി കോളേജിൽ നിന്നും ട്രാൻസ്ഫർ ചെയ്യുന്നതിനും തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| ഇനം 6.1 | KVASU/FW/AC1/113/2025<br>ധനകാര്യ വിഭാഗം - സർവ്വകലാശാലയുടെ 2024-25 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്ക് വിവരങ്ങൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്. |
| തീരുമാനം | അംഗീകരിച്ചു. |

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ**
**(അദ്ധ്യക്ഷൻ)**

| | |
|---|---|
| | സർവ്വകലാശാല വാർഷിക കണക്കുകൾ ജൂലൈ 31-ന് മുൻപായി ഓഡിറ്റ് വിഭാഗത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ പല സ്റ്റേഷനുകളിൽ നിന്നും അക്കൗണ്ട്സ് ലഭ്യമാകുന്നില്ലെന്ന് ഫിനാൻസ് ഓഫീസർ അറിയിച്ചു. മാസ/വാർഷിക കണക്കുകൾ കൃത്യമായി നൽകണമെന്ന് ആവശ്യപ്പെട്ട് സ്റ്റേഷനുകൾക്ക് കർശന നിർദ്ദേശം നല്കുന്നതിന് തീരുമാനിച്ചു.<br><br>സർവകലാശാലയിൽ അക്കൗണ്ട്സ് തയ്യാറാക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ നിന്നും നല്കുന്നതിന് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല സിൻഡിക്കേറ്റ് തീരുമാനമെടുത്തിട്ടുണ്ടെന്നും, സെർവർ അടക്കം നല്കുന്നതാണെന്നും ഫിനാൻസ് ഓഫീസർ അറിയിച്ചു.<br>*നടപടി: ഫിനാൻസ് ഓഫീസർ* |
| **പ്രധാന അജണ്ടക്ക് പുറമേയുള്ള കുറിപ്പുകൾ:** | |
| ഇനം OA: 1 | KVASU/IDW/G-5021/2024<br>IDW - "Additional Infrastructure Facilities at Kerala Veterinary and Animal Sciences University (KVASU) in Wayanad district of Kerala" എന്ന NABARD/ RIDF പദ്ധതിയുടെ നിർമ്മാണച്ചുമതല കേന്ദ്ര ഏജൻസിയായ സെൻട്രൽ പബ്ലിക് വർക്സ് ഡിപ്പാർട്മെന്റിനെ (CPWD) ഏൽപ്പിക്കുന്നത് സംബന്ധിച്ച്. |
| തീരുമാനം | 1). സാധൂകരണം നൽകി<br>2). അംഗീകാരം നൽകി.<br>*നടപടി: യൂണിവേഴ്സിറ്റി എഞ്ചിനീയർ* |
| ഇനം OA: 2 | KVASU/GA/C1/4449/2025<br>പൊതുഭരണം - പൂക്കോട് വെറ്ററിനറി സർവകലാശാലയുടെ ഗേറ്റിനോട് ചേർന്നുള്ള കുട്ടികളുടെ പാർക്കിന് സമീപമുള്ള സ്ഥലത്ത് നിന്ന് 25 സെൻറ് സ്ഥലം ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി കൈമാറാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള അഭ്യർത്ഥന - സംബന്ധിച്ച്. |
| തീരുമാനം | സർവകലാശാലയുടെ കൈവശത്തിലിരിക്കുന്ന 25 സെന്റ് സ്ഥലം ഉപയോഗ അനുമതിക്ക് നല്കുന്നതിന് തടസ്സമില്ല എന്ന് ജില്ലാ കളക്ടറേയും സർക്കാരിനെയും അറിയിക്കുന്നതിന് അനുമതി നൽകി. സർവകലാശാല പൂക്കോട് ക്യാമ്പസ്സിലെ Fire & Rescue Services സേവനങ്ങൾ സൗജന്യമായി നല്കുന്നതിനായി ആവശ്യപ്പെടുകയും ചെയ്യേണ്ടതാണ്.<br>*നടപടി: രജിസ്ട്രാർ* |

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ**
**(അധ്യക്ഷൻ)**

| | |
|---|---|
| ഇനം OA: 3 | KVASU/DAR/Acad/A2/30308/2025<br>DAR - Approval of Results – Reg |
| തീരുമാനം | Approved and recommended to the Management Councill<br><br>*Action: DAR* |
| ഇനം OA: 4 | KVASU/IDW/G1/519/2025<br>IDW - "Construction of Skill Development Centre at KVASU, Pookode", എന്ന പ്രവൃത്തിയുടെ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവയ്ക്ക് അംഗീകാരം ലഭ്യമാകുന്നത് -സംബന്ധിച്ച്" |
| തീരുമാനം | സാധൂകരണം നൽകി.<br>*നടപടി: യൂണിവേഴ്സിറ്റി എഞ്ചിനീയർ* |
| ഇനം OA: 5 | KVASU/IDW/G1/530/2025<br>IDW – State Plan 2025-26-ISP/25-26/9-Maintenace & Expansion of Hostel Buildings in all Campuses-Construction of first floor for new Ladies Hostel, CVAS, Mannuthy, എന്ന പ്രവൃത്തിയുടെ ഭരണാനുമതി, സാങ്കേതി കാനുമതി എന്നിവയ്ക്ക് അംഗീകാരം ലഭ്യമാകുന്നത് -സംബന്ധിച്ച് |
| തീരുമാനം | സാധൂകരണം നൽകി.<br>*നടപടി: യൂണിവേഴ്സിറ്റി എഞ്ചിനീയർ* |
| ഇനം OA: 6 | KVASU/FW/Funds/6708/2025<br>ധനകാര്യ വിഭാഗം - ജീവനക്കാരുടെയും അധ്യാപകരുടെയും ക്ഷാമബത്ത, വിരമിച്ച ജീവനക്കാരുടെ ക്ഷാമാശ്വാസം വർധിപ്പിക്കുന്നതിനുള്ള അനുമതി സർക്കാർ ഉത്തരവുകൾ നടപ്പിലാക്കിയത് - സാധൂകരണം ലഭ്യമാക്കുന്നത് നൽകുന്നത് സംബന്ധിച്ച്. |
| തീരുമാനം | പരിശോധിച്ച് അംഗീകരിച്ചു.<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ**
**(അധ്യക്ഷൻ)**

| അജണ്ടാക്കുറിപ്പുകൾക്ക് പുറമേയുള്ള ചർച്ചകളും തീരുമാനങ്ങളും |
| --- |
| 1. 89-ാമത് ബോർഡ് ഓഫ് മാനേജ്മെന്റിൽ (ഇനം നം. 3.11) സമർപ്പിച്ച സസ്പെൻഷൻ റിവ്യൂ കമ്മിറ്റി റിപ്പോർട്ട് അടുത്ത ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിൽ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.<br>*നടപടി: രജിസ്ട്രാർ* |
| 2. കാർഷിക സർവകലാശാലയിൽ നിന്നും ലഭിക്കുവാനുള്ള 19 കോടി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തി.<br>*നടപടി: ഫിനാൻസ് ഓഫീസർ* |
| 3. പൂക്കോട് വെറ്ററിനറി കോളേജ് കാന്റീനിൽ ക്വട്ടേഷനിൽ രേഖപ്പെടുത്താത്ത സാധനങ്ങളാണ് വില്പനയ്ക്ക് വെച്ചിരിക്കുന്നതെന്ന് വ്യാപക പരാതി ലഭിച്ചതായി ബഹു. അംഗം ശ്രീ. സന്തോഷ്. സി. ആർ. അറിയിച്ചു. ആയതിനു ഉചിതമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹു. അംഗം ആവശ്യപ്പെട്ടു. ക്വട്ടേഷനിൽ രേഖപ്പെടുത്തിയിട്ടുള്ള സാധനങ്ങളുടെ പട്ടിക കാന്റീനിൽ പ്രദർശിപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും, ക്വട്ടേഷനിൽ ലഭ്യമായ സാധനങ്ങൾ കാന്റീനിൽ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും ഡീൻ, വെറ്ററിനറി കോളേജ്, പൂക്കോട്-ന് നിർദ്ദേശം നല്കാൻ തീരുമാനിച്ചു.<br>*നടപടി: രജിസ്ട്രാർ/ഡീൻ, വെറ്ററിനറി കോളേജ്, പൂക്കോട്* |
| 4. അടുത്ത ബോർഡ് ഓഫ് മാനേജ്മെന്റ് യോഗം 20-09-2025 - ന് നടത്തുന്നതിന് തീരുമാനിച്ചു.<br>*നടപടി: രജിസ്ട്രാർ* |

രജിസ്ട്രാർ, അധ്യക്ഷനും മറ്റു അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 01.00 മണിക്ക് അവസാനിക്കുകയും ചെയ്തു.

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

KERALA VETERINARY & ANIMAL SCIENCES UNIVERSITY POOKODE, LAKKIDI P.O, WAYANAD

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**
*(01/09/2025 തീയതിയിൽ അംഗീകരിച്ചു)*